# ‘ Elijah’ Bridge – ‘ഏലീയാവ് ’ എന്ന പാലം

Rev. P.N. Paul Remban

**വിശുദ്ധ യോഹന്നാൻ 6:37; വിശുദ്ധ മത്തായി 17:11 മുതൽ**

കർത്താവിന്റെ തിരുനാമത്തിന് മഹത്വമുണ്ടാകട്ടെ !

താബോർ മലയിലെ കർത്താവിന്റെ തേജസ്സ് കണ്ടപ്പോൾ പത്രൊസും യോഹന്നാനും യാക്കോബും കൂടാരം ഉണ്ടാക്കാൻ ആഗ്രഹിച്ച ആ സംഭവത്തെ ഓർക്കുന്ന കൂടാരപെരുന്നാൾ ആഗസ്ററ് ആറാം തീയതി ആയിരുന്നല്ലോ. ഇനിയും നാം വിശുദ്ധ മാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിനുവേണ്ടി ഒരുങ്ങുകയാണ്. കൂടാരപെരുന്നാളിലെ പ്രധാനചിന്താവിഷയം; കർത്താവിന്റെ മറുരൂപമലയിൽ നിന്നുകൊണ്ടുള്ള കാൽവറി മലയെ ധ്യാനിക്കുന്ന അനുഭവം; ഏററവും ശോഭനമായ മറുരൂപമലയിലെ അനുഭവത്തിൽ താൻ, ഏററവും നിന്ദ്യമായ കുരിശിന്റെ അനുഭവം കണ്ട്, അതിനുവേണ്ടി ഒരുങ്ങുന്ന രംഗമാണ് നമുക്ക് കാണാൻ കഴിയുന്നത്. ആ മലയിൽ നിന്ന് ഇറങ്ങിവരുന്ന സമയം, സംസാരവിഷയം ഏലീയാവ് ആയിരുന്നു. ഏലീയാവ് യേശുവിനെ തന്റെ കുരിശു വഹിക്കുവാൻ സഹായിച്ചതായ ആ പശ്ചാത്തലത്തിൽ, ഏലീയാവിനെ കുറിച്ച് സംസാരിച്ചുകൊണ്ടാണ് കർത്താവ് ആ മലയിൽ നിന്ന് ഇറങ്ങിവന്നത്. ഏലീയാവിൽ കൂടി കിട്ടേണ്ടതായ സഹനവഹനസഹായ ഔഷധം ഏററുവാങ്ങേണ്ടിയിരിക്കുന്നു. ഏലീയാവ് അന്നും ഇന്നും എന്നും ദൈവമക്കളെ സഹായിപ്പാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന, ദൈവത്തിന്റെ ഒരു അഭിഷക്തൻ ആണ്. ഏലീയാവ് ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടിട്ട്, താൻ പല സ്ഥലങ്ങളിൽ, പല പ്രാവശ്യം പലരെയും സഹായിച്ചിട്ടുള്ള കാര്യം ദൈവവചനം സാക്ഷിക്കുന്നു. ഇന്ന് വായിച്ചതായ വേദവായനഭാഗത്തു നിന്ന്, കർത്താവ് പറഞ്ഞത്: ഏലീയാവ് യഥാസ്ഥാനത്താക്കാൻ വരും എന്നുള്ളതായ കാര്യം, ‘ സത്യമായി ഏലീയാവ് വന്ന് സകലവും യഥാസ്ഥാനത്താക്കും’ 11 –ാംവാക്യം. അപ്പോൾ ഏലീയാവിന് സകലത്തിലും സകലയിടങ്ങളിലും സകലരിലും സകലകാലങ്ങളിലും സകലതും യഥാസ്ഥാനത്താക്കുന്ന ഒരു വലിയ പണി കിട്ടിയിട്ടുണ്ട്. ആ പണി കർത്താവ് ഏലീയാവിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഉടലോടെ സ്വർഗ്ഗത്തിൽ പോയ ഏലീയാവിന്, ഇന്നുവരെ മരണം ശരീരത്തിൽ അനുഭവിച്ചിട്ടില്ല. ശരീരത്തിൽ കൂടി മരണം ഉണ്ടായി എങ്കിലേ തന്റെ വേല പൂർത്തീകരിക്കാൻ കഴിയൂ. ഏലീയാവിന്റെ ശരീരം ഇപ്പോഴും ജീവനോട് ഇരിക്കുന്നു, സ്വർഗ്ഗത്തിൽ പ്രത്യേകസ്ഥലം ഉണ്ട്. പ്രത്യേകവേല കിട്ടുമ്പോൾ പല സ്ഥലത്തുപോയി, ദൃശ്യമായും അദൃശ്യമായും എപ്പോഴും ഏലീയാവ് വേല ചെയ്യുന്നുണ്ട്. നമ്മുടെ വീട്ടിലും ഏലീയാവ് വരാൻ ആഗ്രഹിക്കുന്നു. വരാൻ ഉള്ള വഴിയും വിശ്രമിക്കാനുള്ള ഒരു സ്ഥലവും ഒരുക്കി കൊടുത്താൽ നമ്മുടെ വീട്ടിലും ഏലീയാവ് വരും. അതിന്റെ അപേക്ഷ കൊടുത്തിട്ട് പണി എത്രത്തോളം ആയി എന്നു പരിശോധിക്കുന്നത് നല്ലതാണ്. ഏലീയാവിന്, യേശുവിന്റെ ജീവിതത്തിലും യോഹന്നാൻ സ്നാപകന്റെ ജീവിതത്തിലും സാരെഫാത്തിലെ വിധവയുടെ ജീവിതത്തിലും (1 രാജാക്കന്മാർ 17:10) ശൂനേംകാരത്തിയുടെ ജീവിതത്തിലും (1 രാജാക്കന്മാർ 4:16) ഒക്കെ വേല ഉണ്ടായിരുന്നു. അസ്ഥാനത്തു കിടക്കുന്ന ദൈവമക്കളുടെ എല്ലാ അവസ്ഥയിലും ഏലീയാവിന് ജോലിയുണ്ട്. ഏലീയാവിന് വരാൻ ഒരു സ്ഥലം നമ്മുടെ വീട്ടിൽ ഉണ്ടായിരിക്കണം. ഏലീയാവ് വരുമെന്ന ഭാവികാല ക്രിയയിലാണ് വിശുദ്ധ മത്തായി 17:11 ൽ കർത്താവ് പറഞ്ഞതെങ്കിലും ഏലീയാവ് വന്നു കഴിഞ്ഞ കാര്യമാണ് പിന്നീട് പറയുന്നത്. വരാനിരിക്കുന്ന കാര്യം ഉണ്ട്, എല്ലാ തലമുറകളുടെയും വേല ഉണ്ട്, എന്നാൽ വന്നു കഴിഞ്ഞ കാര്യം ശിഷ്യന്മാർക്ക് മനസ്സിലായില്ല, അത് കർത്താവ് പൊരുൾ തിരിച്ചു കൊടുക്കുകയാണ്. അത് യോഹന്നാൻ സ്നാപകന്റെ കാര്യമാണെന്ന് അപ്പോൾ അവർക്ക് മനസ്സിലായി. ( മൂന്നാം വാക്യം) യോഹന്നാൻ സ്നാപകനിൽ ഏലീയാവിന്റെ വേല ഉണ്ടായിരുന്ന കാര്യം കർത്താവ് പൊരുൾ തിരിച്ചു പറയുകയാണ്. അത്

മാലാഖി നാലാം അദ്ധ്യായത്തിന്റെ (4:5) ഒരു പ്രവചനം ആയിരുന്നു. അങ്ങനെ അപ്പന്മാരുടെ മനസ്സിനെയും മക്കളുടെ മനസ്സിനെയും തമ്മിൽ യോജിപ്പിക്കുന്ന പാലം പണിയുന്ന വേല, അങ്ങനെ എല്ലാ തലമുറകളുടെ വിടവിലും പാലം പണിയുന്ന ഒരു വലിയ വേല ഏലിയാവിന് ഉണ്ട്. ആ വേലയ്ക്കു നാം ഏലീയാവിനെ വിളിച്ചിട്ടുണ്ടോ? ഏലീയാവിന്റെ ഓഫിസിലേക്ക് അപേക്ഷ കൊടുത്താൽ, ഭാര്യയും ഭർത്താവും തമ്മിൽ, അപ്പനും മക്കളും തമ്മിൽ, മേൽ ഉദ്യോഗസ്ഥനും കീഴ് ഉദ്യോഗസ്ഥനും തമ്മിൽ, ഉള്ള വിടവിൽ എല്ലാം പാലം പണിയാൻ ഏലീയാവ് മിടുക്കനാണ്. ഏലീയാവിനാണ് ആ വേല കിട്ടിയിരിക്കുന്നത്. ഏലീയാവിനെ വിളിച്ചു വരുത്തി ആ പണികൾ ചെയ്തുകൊള്ളേണം. ഏലീയാവ് എവിടെയെല്ലാം വേലകൾ ചെയ്തിട്ടുണ്ട്? ദൈവത്തിന്റെ എല്ലാ ശുശ്രൂഷകളിലും ഏലീയാവ് തന്റെ വേലകൾ ചെയ്തിട്ടുപോകും. യോഹന്നാൻ സ്നാപകന്റെ കുടുംബത്തിൽ, സക്കറിയാവിന്റെയും എലിസബത്തിന്റെയു കുടുംബത്തിൽ, അവരുടെ യൗവനം പുതുക്കി, അവരിൽ യോഹന്നാൻ സ്നാപകൻ ജനിക്കുന്നതിന് പുറകിൽ, ഏലീയാവിന് വേല ഉണ്ടായിരുന്നു. ഏലീയാവിന്റെ വേല അവിടെ വിജയിച്ചതുകൊണ്ടാണ്, ആ യോഹന്നാൻ സ്നാപകന്റെ വീട്ടിൽ വെച്ച്, കർത്താവിന്റെ ജനനകാലം മാതാവിന് സഹനീയമായി തീർന്നത്, അല്ലെങ്കിൽ അസഹനീയമായിപ്പോകുമായിരുന്നു. മാതാവിന്റെ വചനിപ്പിനു ശേഷം മാലാഖയെ കാണാനില്ല. പിന്നെ ആരും കൂടെയില്ല. നീതിമാനാണെന്ന് വേദപുസ്തകത്തിൽ എഴുതിയ യൗസേഫ് പോലും സംശയിക്കുന്നു, യൗസേഫിന് വെളിപ്പാട് അപ്പോൾ കിട്ടുന്നില്ല. ഒരു വലിയ പിളർപ്പ് അവിടെയും വന്നിരിക്കുകയാണ്. മറിയാമിനും യൗസേഫിനും ഇടയിൽ വലിയ ഒരു പിളർപ്പ് ഉണ്ടായി. സംശയത്തിന്റെ രോഗം പിടിപ്പെട്ടു. ആ പിളർപ്പിന്റെ ഇടയിൽ പാലം പണിതത് ആരാണ്? ഏലീയാവ് ആണ്. ആ പാലം പണിയ്ക്കുവേണ്ടിയാണ് മറിയാമിനെ അങ്ങോട്ട് കൊണ്ടുപോയത്, ഏലീസബത്തിന്റെ വീട്ടിലേക്ക്. ഏലീസബത്തിന്റെ വീട്ടിൽ പാലം പണിയുന്ന ആൾക്ക് സുഖമായി പാലം പണിയ്ക്കുള്ള അടിസ്ഥാനം ഇടാനുള്ള സൗകര്യം ഉണ്ടായിരുന്നു. ആ പാലം പണിയ്ക്കുള്ള അടിസ്ഥാന വേലകൾ മൂന്നു മാസം കൊണ്ട് ഏലീസബത്തിന്റെ വീട്ടിൽ വെച്ച് മാതാവിന്റെ ഹൃദയത്തിൽ, ഏലീയാവിന് കടന്നുവന്ന് യൗസേഫും മാതാവും തമ്മിലുള്ള പിളർപ്പ് മാററി, അവരെ ഒരുമനപ്പെടുത്തി യേശുകുഞ്ഞിനെ വളർത്തുന്ന വേലയിൽ കൂട്ടുവേലക്കാരൻ ആകാൻ മൂന്നു മാസത്തെ ഒരു വലിയ വേല ആവശ്യമുണ്ടായിരുന്നു. ആ മൂന്നുമാസത്തെ വേല ഏലീസബത്തിന്റെയും മറിയാമിന്റെയും കൂട്ടായ്മയിൽ സക്കറിയാവിന്റെ കുടുംബത്തിൽ വെച്ച് ആ വേല നടന്നു. ഏലീയാവിന് അവിടെ സ്ഥലം ഉണ്ടായിരുന്നതുകൊണ്ടാണ് അവിടെയിരുന്ന് ആ വേല ചെയ്യാൻ കഴിഞ്ഞത്. ഏലീയാവിന് സക്കറിയാവിന്റെയും ഏലീസബത്തിന്റെയും വീട്ടിൽ സ്ഥലം ഉണ്ടായിരുന്നു. എന്താണ് കാരണം? ഏലീസബത്തിനും സക്കറിയാവിനും ഒരു പ്രത്യേകഗുണം ഉണ്ടായിരുന്നു. അവരെ കുറിച്ച് വിശുദ്ധ ലൂക്കൊസ് പറയുന്നത്, അവർക്ക് മാത്രം ഉണ്ടായിരുന്ന ചില ഗുണങ്ങൾ ഉണ്ടായിരുന്നു. അത് ഏലീയാവിന് വരാനും താമസിക്കാനും അവിടെ സൗകര്യം ഉള്ളതുകൊണ്ട് മൂന്നുമാസം അവിടെവെച്ച് മാത്രം ആ പണി ചെയ്തത്. വളരെ ദൂരെ ഈ മറിയാമിനെ കൊണ്ടുപോയതും അതുകൊണ്ടാണ്. യോഹന്നാൻ സ്നാപകന്റെ ജനനത്തിന്റെ കാര്യം അറിയിക്കുന്ന പശ്ചാത്തലത്തിൽ, സക്കറിയാവിന്റെ കുടുംബത്തിന്റെ പ്രത്യേകതകൾ അവിടെ സൂചിപ്പിക്കുന്നുണ്ട്. അവർ ദൈവസന്നിധിയിൽ നീതിയുള്ളവരും യഹോവയുടെ സകല കല്പനകളും അനുസരിക്കുന്നവരിൽ കുററമില്ലാത്തവരുമായിരുന്നു. വിശുദ്ധ ലൂക്കൊസ് 1 : 6. ഏലീസബത്തിന്റെയും സക്കറിയാവിന്റെയും കുടുംബ ജീവിതത്തിൽ, സക്കറിയാവ് വിശ്വസ്തതയോടെ തന്റെ പൗരോഹിത്യശുശ്രൂഷ ചെയ്തു. ആ ശുശ്രൂഷകൾക്കിടയിൽ ആ കുടുംബത്തിന് നല്ല ഒരു സർട്ടിഫിക്കേററ് കിട്ടി. ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും യഹോവയുടെ സകല കല്പനകളും അനുസരിക്കുന്നവരിൽ കുററമില്ലാത്തവരുമായിരുന്നു. ഇങ്ങനെ ഒരു സർട്ടിഫിക്കേററ് കിട്ടാമെങ്കിൽ നമ്മുടെ വീട്ടിലും ഏലീയാവിന് ഒരു മുറി (സ്ഥലം) ഉണ്ടാകും. ഇപ്പോൾ ഈ മുറി കാണുമോ? ഇങ്ങനെയുള്ള ഒരു സർട്ടിഫിക്കേററ് കിട്ടുമോ? സക്കറിയാവിനും ഏലീസബത്തിനും ഈ സർട്ടിഫിക്കേററ് കിട്ടുന്നതിന് അനേകനാളുകൾ ആരാധന നടത്തേണ്ടിവന്നു. ഇരുവരും

ദൈവസന്നിധിയിൽ നീതിയുള്ളവരും യഹോവയുടെ സകല കല്പനകളും അനുസരിക്കുന്നവരിൽ കുററമില്ലാത്തവരുമായിരുന്നതുകൊണ്ട്, ഗബ്രിയേൽ മാലാഖായിൽ കൂടി കിട്ടിയ സന്ദേശം, ഈ സക്കറിയ ഏററുവാങ്ങിയതിനുശേഷം ശുശ്രൂഷ തുടരുന്നു. ഉടനെ തന്നെ ഭവനത്തിലേക്ക് പോകുന്നില്ല. അതിന് ഒരു സൂചന ഉണ്ട്, ശുശ്രൂഷക്കാലം തികഞ്ഞപ്പോൾ അവർ വീട്ടിലേക്ക് പോയി. എത്രകാലം എന്നു പറഞ്ഞിട്ടില്ല. വിശുദ്ധ ലൂക്കൊസ് 1:21-23. ഒരു കാലം അവിടെ തന്നെ ശുശ്രൂഷ നടത്തി. ദർശനം കിട്ടിയപ്പോൾ ഉടനെ പോയില്ല, കിട്ടിയിട്ട് ശുശ്രൂഷ മൗനമായി, മൗനവൃതം എടുത്തുകൊണ്ട് സക്കറിയ പുരോഹിതൻ ആ ദൈവാലയത്തിൽ തന്റെ ശുശ്രൂഷക്കാലം തികയുന്നതുവരെ താമസിച്ചു. ആ സമയത്താണ് ഏലീയാവ് യൗവനം പുതുക്കുന്ന പണി ചെയ്തത്. സാരെഫാത്തിലെ വിധവയുടെ ഭവനത്തിലും ശൂനേംകാരത്തിയുടെ ഭവനത്തിലും ഏലീയാവ് ചെയ്ത അതേ വേല, ഇതാ ഇവിടെയും ചെയ്യുന്നു. ശ്യൂന്യംകാരത്തിയുടെ ഭവനത്തിൽ വൃദ്ധരായ ദമ്പതികൾക്ക് ഒരു മകൻ ജനിക്കത്തക്കവണ്ണം തൊണ്ണൂറ് ദിവസം ആ വൃദ്ധനെ യുവാവാക്കാനുള്ള പണി ഉദ്ഘാടനം ചെയ്തശേഷം പ്രവാചകൻ അവിടെനിന്ന് സ്ഥലം വിട്ടു തൊണ്ണൂറ് ദിവസം കഴിഞ്ഞപ്പോൾ അയാൾ യുവാവായി. ആ യുവാവിൽ നിന്ന് തന്നെ, പുതുക്കിയ യൗവനത്തിൽ നിന്ന് തന്നെ, ഒരു കൊല്ലം കഴിഞ്ഞപ്പോൾ, ഈ പ്രവാചകൻ പറഞ്ഞ സമയത്തു തന്നെ, ആ കുഞ്ഞ് ജനിച്ചു. (2 രാജാക്കന്മാർ 4:12-37) അത് എന്തുകൊണ്ടാണ്? ആ ശൂനേംകാരത്തിയുടെ ഭവനത്തിൽ ഒരു നീതിയുണ്ടായിരുന്നു. ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും യഹോവയുടെ സകല കല്പനകളും അനുസരിക്കുന്നവരിൽ കുററമില്ലാത്തവരുമായിരുന്നതിലുമാണ്, ഈ ദൈവപുരുഷനെ, ഏലീയാവിന്റെ ഇരട്ടി ആത്മാവുള്ള ഏലീശായെ, ദൈവപുരുഷനായിട്ട് തിരിച്ചറിയാൻ കഴിഞ്ഞു. ദൈവപുരുഷന് എന്തെങ്കിലും ചെയ്തുകൊടുക്കുന്നത്, കൊടുത്താൽ....അത് ദൈവത്തിനാണെന്ന് മനസ്സിലായി. ഭർത്താവുമായി ആലോചിച്ചിട്ട് അവൾ വീടിന്റെ മുകളിൽ, വെളിയിൽ കൂടി ഗോവേണി വെച്ച് ഒരു മുറി പണിതു കൊടുത്ത്, ആ പ്രവാചകനെ വിളിച്ചുവരുത്തി, അവിടെ താമസിപ്പിച്ച്, അങ്ങനെ അദ്ദേഹം അവിടെ താമസിച്ച് പ്രാർത്ഥിച്ചപ്പോൾ അവർക്ക് കൂടുതൽ അനുഗ്രഹങ്ങൾ ജീവിതത്തിൽ ലഭിക്കുന്നത്. അങ്ങനെ ഏലീശായിലൂടെ ഏലീയാവ് പ്രവർത്തിച്ച അതേ വേലയാണ് ഏലിസബത്തിന്റെ ഭവനത്തിൽ വെച്ച് മൂന്നുമാസത്തിൽ നടന്നത്. ദൈവാലയത്തിൽ വെച്ച് മൂന്നുമാസം സക്കറിയ പ്രവാചകനെ, ഒരുക്കിയതിനുശേഷം യൗവനം പുതുക്കി കിട്ടിയപ്പോൾ, (103 –ാം സങ്കീർത്തനപ്രകാരം ' നിന്റെ യൗവനം കഴുകനെപ്പോലെ പുതുക്കി വരും.') അങ്ങനെ കഴുകൻസത്ത് രസായനം കൊടുത്ത് അദ്ദേഹത്തെ യുവാവാക്കി. ശുശ്രൂഷക്കാലം കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോൾ ഏലീയാവിന്റെ പാലം പണി അവിടെ കഴിഞ്ഞു. വഴികൾ എല്ലാം തയ്യാറായി, അവർക്ക് കുഞ്ഞിനെ കിട്ടി. അപ്പോൾ യോഹന്നാൻ സ്നാപകനെ വളർത്തിയെടുക്കുന്നതിൽ ഏലീയാവിന് ഒരു വലിയ വേല ഉണ്ടായിരുന്നു എന്നർത്ഥം. ഇങ്ങനെ ഏലീയാവിന് പലയിടങ്ങളിൽ വേലകൾ ഉണ്ട്. നമ്മുടെ വീട്ടിലും പണി ഉണ്ട്. വിളിച്ചാൽ വരും. നമുക്ക് ഏലീയാവിന്റെ പാലം ആവശ്യമുണ്ട് എന്ന് പറഞ്ഞ് അപേക്ഷ സമർപ്പിക്കാം. ഭാര്യയും ഭർത്താവിന്റെയും ഇടയിൽ, അപ്പന്റെയും മക്കളുടെയും ഇടയിൽ, അമ്മാവിയമ്മയുടെയും മരുമകളുടെയും ഇടയിൽ, അയൽപക്കത്തുള്ളവരുടെ ഇടയിൽ, ഒത്തിരി പാലങ്ങൾ ആവശ്യമാണ്. അനേക പിളർപ്പുകൾ, വിടവുകൾ ഉണ്ട്. അവിടെയെല്ലാം ഏലീയാവിന്റെ construction കമ്പനിയ്ക്കു മാത്രമേ പാലം പണിയാൻ സാധിക്കുകയുള്ളു. അവിടെ മിലിററി പാലം ഉണ്ട്. മിലിററി പാലം വെച്ചുകൊണ്ടു തന്നെ പാലം പണി തുടങ്ങി വിടവുകൾ നികത്തി വേലകൾ ചെയ്തുകൊണ്ടിരിക്കും. ഈ പശ്ചാത്തലത്തിൽ മറുരൂപലയിൽ നിന്ന് ഇറങ്ങിവന്ന കർത്താവിന്റെ സംസാരവിഷയം, ഏലീയാവിനെകുറിച്ചായിരുന്നു. ഈ ഏലീയാവ് എല്ലാം തലമുറകളിലും വേല ചെയ്യും. ഏലീയാവ് ഇതുവരെ മരിച്ചിട്ടില്ല, എന്നാൽ മരണം നമ്മുടെ ശരീരത്തിന് ആവശ്യമാണ്. പണി കഴിഞ്ഞിട്ടേ മരിക്കാവൂ. ഏലീയാവിന്റെ പണി ഇതുവരെ തീരാത്തതുകൊണ്ടാണ് മരിക്കാത്തത്. സ്വർഗ്ഗത്തിൽ പ്രത്യേക സ്ഥലം കൊടുത്തിട്ടുണ്ട്. മണവാട്ടി സഭ എടുക്കപ്പെടുന്നവരെ, മണവാട്ടി

സഭയെ ഒരുക്കുന്ന പണി ഏലീയാവിന് ഉണ്ട്. , മണവാട്ടി സഭയെ ഒരുക്കപ്പെട്ടതിനു ശേഷം, കല്യാണവിരുന്ന് നടന്നുകൊണ്ടിരിക്കുന്ന സമയം, മധുവിധു നടക്കുന്ന സമയം, ഏലീയാവിനും ഹാനോക്കിനും ഈ ഭൂമിയിൽ റിക്രൂട്ടിംഗ് ഓഫിസർ ആയി ജോലി കിട്ടും. കർത്താവിന്റെ കല്യാണം കഴിഞ്ഞശേഷം മണവാളനും മണവാട്ടിയും രാജാധികാരം ഏറെറടുക്കാൻ വരുമ്പോൾ, മന്ത്രിസഭ, സെക്രട്ടറിയേററ് എന്നിവ തയ്യാറാകണം. അതിന് ആവശ്യമുള്ളവരെ തിരഞ്ഞെടുക്കുന്നത് ഏലീയാവും ഹാനോക്കുമാണ്. അത് ഭയങ്കരമായ / കഠിനമായ ഇന്റെറിവ്യൂ ആണ്. ഭയങ്കര പരീക്ഷണങ്ങൾ ആയിരിക്കും. ഇപ്പോൾ കൃപായുഗം ആയതുകൊണ്ട്, ആർക്കും രക്ഷപ്പെടാം. കർത്താവിനെ വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ മതി, ഒരററ വാക്ക് പറഞ്ഞാൽ രക്ഷിക്കപ്പെടാം. വലതുഭാഗത്തെ കള്ളൻ ഏതെങ്കിലും പരീക്ഷ ജയിച്ചതാണോ? എന്നെക്കൂടി ഓർക്കണമെന്നാണ് പറഞ്ഞത്. ( വിശുദ്ധ ലൂക്കൊസ് 23:42) 'നിന്നെ രാജാവായി ഞാൻ സമ്മതിച്ചിരിക്കുന്നു. വിശുദ്ധ മാമോദീസാ ഏററില്ല, പള്ളിയിൽ പോയില്ല, ഒരററ വാചകത്തിൽ രക്ഷപ്പെട്ടു. ഈ കൃപായുഗത്തിൽ കർത്താവിനെ ഒന്ന് അംഗീകരിച്ചാൽ മതി, രക്ഷപ്പെടാൻ സാധിക്കും. അങ്ങനെയാണ് മണവാട്ടിസഭയിലേക്കുള്ള പ്രവേശനം. നമ്മളെ ജയിപ്പിച്ചാണ് കൊണ്ടുപോകുന്നത്. നമുക്ക് യാതൊരു മേന്മയും പറയാൻ ഇല്ലാതെ അവിടെ അടങ്ങിയിരിക്കാൻ വിധമാണ് കടത്തിവിടുന്നത്. അങ്ങനെ കല്യാണം കഴിഞ്ഞാൽ പിന്നെ സെക്രട്ടറിററിലേക്കുള്ള റിക്രൂട്ടുമെന്റ് നടത്താനുള്ള ഓഫീസർ ആണ്, ഉടലോടെ ഭൂമിയിൽ നിന്നുപോയ രണ്ടുപേർ, ഏലീയാവും ഹാനോക്കും. രണ്ട് പേരും രണ്ട് ഓഫിസിൽ നിന്ന് ഇന്റെർവ്യൂവ് നടത്തി, ഓരോ തസ്തികയിലേക്ക് ആളിനെ എടുത്തുകൊണ്ടിരിക്കും. കർത്താവിന്റെ കല്യാണം കഴിയുമ്പോൾ ഓഫീസ് റെഡിയായിരിക്കും (വെളിപ്പാട് 6:15-7:8) ആ സമയത്ത് ദൈവകൃപ ഈ ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല, ഭയങ്കര പരീക്ഷണം ആയിരിക്കും. ന്യായപ്രമാണയുഗമാണ്, യാതൊരു ദാക്ഷിണ്യവും ഇല്ല. ഒലിയ കഠിന ശോധനയിൽ കൂടി പരീക്ഷ ജയിക്കുന്നവരെ മാത്രം തിരഞ്ഞെടുക്കുക. ഒരു ഗോത്രത്തിൽ നിന്ന് പന്തീരായിരം പേരെ എടുക്കും, പഴയ നിയമത്തിൽ നിന്ന് ഓരോ ഗോത്രത്തിലെ പന്തീരായിരം പേരെ വീതം നൂററിനാല്പത്തിനാലായിരം പേർക്കു മാത്രമേ അവസരങ്ങൾ ലഭിക്കു. അതുപോലെ പന്ത്രണ്ട് ശിഷ്യന്മാർക്കും വീതം കാണും. തോമാശ്ലീഹായുടെ വീതത്തിൽ ഒരു പന്തീരായിരം പേരെ സെക്രട്ടറിമാരാകാൻ അവസരങ്ങൾ ഉണ്ട്. കല്യാണത്തിന് പോകാൻ കഴിയാത്തവർ നിരാശപ്പെടേണ്ടതില്ല, ഇതിനും അപേക്ഷ കൊടുത്തിട്ടാൽ, മണവാട്ടി ആകാൻ കഴിഞ്ഞില്ലെങ്കിലും ഒരു സെക്രട്ടറി ആയിട്ടോ, ഒരു തോഴിയായിട്ടോ എങ്കിലും ഒരു സ്ഥാനം തരണമെന്നു അപേക്ഷിക്കാം. ഇവരെ തിരഞ്ഞെടുക്കുന്നത് ആരാണ്? ഏലീയാവും ഹാനോക്കും. ആ സമയത്ത് ഭൂമിയിൽ യാതൊരു സൗകര്യവും കാണില്ല, ദൈവകൃപ കാണില്ല, ദൈവത്തിന്റെ അനുഗ്രഹമോ സാന്നിദ്ധ്യമോ കാണുകയില്ല, പിശാചിന്റെ രാജ്യം ആയിരിക്കും. ഓരോ സെക്കന്റും ഓരോ യുഗങ്ങൾ പോലെ തോന്നും. അത്രയ്ക്കു മടുപ്പുള്ള ഒരു സാഹചര്യം ആയിരിക്കും. (വെളിപ്പാട് 7) ആ മടുപ്പുള്ള സാഹചര്യത്തിൽ ഏലീയാവിനും ഹാനോക്കിനും ഇവിടെ നിൽക്കണമെങ്കിൽ, നേരത്തെയുള്ള കരുതൽ കൊണ്ടാണ് അവർ ജീവിക്കുന്നത്. പ്രതിഫലം ഒന്നും അപ്പോൾ ഇല്ല. ഇപ്പോൾ ശമ്പളം കൊടുത്ത് കൊഴുപ്പിച്ചിട്ടിരിക്കുകയാണ്. എത്രകാലം ആയി ഉടലോടെ സ്വർഗ്ഗത്തിൽ പോയിട്ട്, സ്വർഗ്ഗത്തിലെ എല്ലാ ആനുകൂല്യവും കൊടുത്ത് അവരെ കൊഴുപ്പിച്ച് സന്തോഷിപ്പിച്ച് നിർത്തിയിരിക്കുകയാണ്; കാര്യം എന്താണ്? അത്യവശ്യഘട്ടത്തിൽ അവരെ താഴേക്ക് വിടുന്നതിനും യാതൊരു സൗകരവും ഇല്ലാത്ത സ്ഥലത്ത്, ഈ ഭൂമിയിലെ വേലകൾ ചെയ്യുന്നതിനും, പഴയനിയമ കാലത്തെ പന്ത്രണ്ട് ഗോത്രത്തിൽ നിന്നും ശിഷ്യന്മാരുടെ പന്ത്രണ്ട് ഗോത്രത്തിൽ നിന്നും തിരഞ്ഞെടുത്ത്, കർത്താവിന്റെ കല്യാണം കഴിയുമ്പോൾ അവരെ തയ്യാറാക്കണം. ലക്ഷകണക്കിന് ആളുകളിൽ നിന്നാണ് ഈ പന്തീരായിരം ആളുകളെ തിരഞ്ഞെടുക്കുന്നത്. തോമാശ്ലീഹായുടെ വീതത്തിൽ ഇന്ത്യയിൽ നിന്ന് പന്തീരായിരം ആളുകളെ മാത്രം തിരഞ്ഞെടുത്താൽ, മററുള്ളവർക്ക് എത്രമാത്രം വാശി കാണും. തോൽപ്പിച്ചവരോടായിരിക്കും പിണക്കം. പന്തീരായിരം പേർ വീതം പന്ത്രണ്ട് ഗോത്രങ്ങൾ അവർ അങ്ങ് പോകും. തിരികിടാ ഇവിടെ കിടക്കും. തിരികിടകാർക്ക് ഭയങ്കര വാശിയായിരിക്കും.

മനഃപൂർവ്വം അവരെ തോല്പിച്ചതായിട്ടേ അവർക്കു തോന്നുകയുള്ളു; അവർക്ക് അർഹത ഇല്ലാഞ്ഞിട്ടാണ് എന്നു തോന്നുകയില്ല. അങ്ങനെ വാശി തീർക്കാനായി ഏലീയാവിനെയും ഹാനോക്കിനെയും അവരുടെ കൊതി തീരട്ടെയെന്നു വിചാരിച്ച് കർത്താവ് വിട്ടുകൊടുക്കും. ഏലീയാവിനെയും ഹാനോക്കിനെയും തിരികിട (ദുഷ്ടന്മാർ) എല്ലാവരും കൂടി ഒന്നിച്ച് തല്ലിക്കൊല്ലും. ആരും നോക്കാതെ അവരുടെ ശവം മൂന്ന് ദിവസം ഭൂമിയിൽ കിടക്കുമെന്നാണ് പറയുന്നത്. വെളിപ്പാട് 11 ൽ ഇവരുടെ ശവശരീരങ്ങൾ ആരും നോക്കാനില്ലാതെ ഈ ഭൂമിയിൽ കിടക്കും. ലോകത്തുള്ളവർ എല്ലാവരും ടീവിയിൽ കൂടി കാണും. ലോകത്തുള്ള സകലർക്കും അവരെ കാണാം. അങ്ങനെ വരട്ടെ, ഞങ്ങളെ ദണ്ഡിപ്പിച്ചവർ അങ്ങനെ കിടക്കട്ടെ, എല്ലാവരും കൈകൊട്ടി ചിരിച്ച് ടീവിയിൽ കൂടി കണ്ട് സന്തോഷിക്കും. അങ്ങനെ ഏലീയാവും ഹാനോക്കും മൂന്നര ദിവസം എല്ലവരാലും ത്യജിക്കപ്പെട്ട്, തള്ളപ്പെട്ട് ഈ ഭൂമിയിൽ ചീഞ്ഞ് നാറി കിടക്കേണ്ടി വരും. പക്ഷേ മൂന്നര ദിവസം കഴിയുമ്പോൾ എന്തു സംഭവിക്കും? അവർ എഴുന്നേററ് പോകുകയും ചെയ്യും. മററവരുടെ കൊതി തീരുകയും ചെയ്യും. ഇവരുടെ പോക്ക് നടക്കുകയും ചെയ്യും. ദൈവവേലയിൽ അനേർക്ക് അനുഗ്രഹങ്ങൾ കൊടുത്തുകഴിഞ്ഞാൽ, നമ്മുടെ വേലകൾ കഴിഞ്ഞാൽ നമ്മളെ വൃത്തിയാക്കുന്ന പരിപാടി ശത്രുക്കളെ തന്നെ ദൈവം ഏൽപ്പിക്കും. അവർ ശരിക്കും കുളിപ്പിച്ച് തരും, രക്തം കൊണ്ടാണ് എന്നു മാത്രം. അവർ ശരിക്കും നമ്മളെ വൃത്തിയാക്കി തരും. ഇപ്പോൾ കർത്താവ് മദ്ധ്യാകാശത്തിൽ വരികയാണെങ്കിൽ ഈ ഏലീയാവിന്റെ ഇനമാണ് നമ്മൾ, ഉടലോടെ സ്വർഗ്ഗത്തിൽ പോകേണ്ടവരാണ് നമ്മൾ എല്ലാം യേശു ഇപ്പോൾ വന്നാൽ പറന്നുപോകേണ്ടവരാണ് നമ്മൾ, അതിന് മുമ്പ് ദുഷ്ടൻ കുടിക്കേണ്ടതായ മട്ട് (സങ്കീർത്തനങ്ങൾ 75:8) എല്ലാം പോകേണം. മട്ട് എല്ലാം പോകണമെങ്കിൽ ഇതുപോലെ അവിവേകികൾ, അഹങ്കാരികൾ, അത്യാഗ്രഹികൾ എന്നിവർ വേണം. ഇതാണ് പരിപാടി എന്നറിഞ്ഞാൽ മാത്രമേ നമുക്ക് സന്തോഷിക്കാൻ കഴിയുകയുള്ളു. ഏലീയാവിനെയും ഹാനോക്കിനെയും മൂന്നര ദിവസം ആരും നോക്കാതെ ഭൂമിയിൽ കിടന്നാൽ അവർക്ക് എന്തെങ്കിലും വിഷമമുണ്ടോ? ഇല്ല. അനേകവർഷങ്ങൾക്ക് മുമ്പ് തന്നെ അവരെ സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുകയാണ്. എല്ലാം ഞങ്ങൾ സഹിച്ചോളാം, കർത്താവിന്റെ കല്യാണം വേഗം നടക്കട്ടെ. കല്യാണം കഴിയുന്നതിന് മുമ്പ് മണവാട്ടിയെ അവിടെ എത്തിക്കേണം, ശത്രുവിന്റെ വൈരാഗ്യം തീർക്കണം എന്നുമാത്രം പറയുന്ന അവർ തിരികെ സ്വർഗ്ഗത്തിൽ ചെന്ന് പ്രതിഫലം വാങ്ങിക്കും. അഡ്വാൻസ് കൊണ്ടാണ് അവർ ജീവിക്കുന്നത്. ഇപ്പോൾ കല്യാണത്തിന് പോകാനുള്ളവരെ ഒരുക്കുന്ന വേല നടക്കുന്നു. അങ്ങനെയുള്ളവർക്കും ഈ അനുഭവം വരും, അപ്പോൾ നിങ്ങൾ നിരാശപ്പെടരുത്. ഇത്രയും പറഞ്ഞതിന്റെ ചുരുക്കം; വിശുദ്ധ മത്തായിയുടെ സുവിശേഷം 17 –ാം അദ്ധ്യായത്തിൽ, ഏലീയാവിനെ കുറിച്ച് പറഞ്ഞ കാര്യങ്ങൾ, കർത്താവിന്റെ കല്യാണത്തിന് വിളിക്കപ്പെട്ടവർക്ക് എല്ലാം ഉണ്ടാകും. അപ്പോൾ നിങ്ങൾ നിരാശപ്പെടരുത്. ഈ ലോകത്തിൽ അനുഗ്രഹം കിട്ടിയത് ഏലീയാവിൽ കൂടി, ഏലീശായിൽ കൂടി, പ്രവാചകരിൽ കൂടി, യേശുവിൽ കൂടി ആണ്. പക്ഷേ അനുഗ്രഹങ്ങൾ കിട്ടി കഴിഞ്ഞപ്പോൾ, അനുഗ്രഹങ്ങൾ വാങ്ങിച്ചവർക്ക് നന്ദികേട് വരും, പിന്നെ ചവിട്ടുകയും മററും ചെയ്യും. ഇതെല്ലാം അതിന്റെ അകത്ത് ഉള്ളതാണെന്നു വിചാരിക്കണം. നമ്മുടെ അശുദ്ധിയുടെ മട്ട് കളയാനുള്ള ഒരു പരിപാടിയാണിത്, അവർ മട്ട് കുടിച്ചിട്ട് പോകും. വൃത്തിയായി കഴിയുമ്പോൾ നമ്മെ അവിടുന്ന് മാററും. ഇതെല്ലാം നാം അറിഞ്ഞിരിക്കണം. ഈ ഹാനോക്കിനും ഏലീയാവിനും യേശുവിനും യേശുവിന്റെ കൂടെ പോകുന്നവർക്കെല്ലാം, അനേകർക്ക് അനുഗ്രഹങ്ങൾ നമ്മുടെ കൈകൾകൊണ്ട് വാരികൊടുക്കും. അനുഗ്രഹങ്ങൾ കിട്ടികഴിഞ്ഞാൽ പിന്നെ തിരിഞ്ഞു നോക്കുകയില്ല, ഒരു നന്ദിയും കാണിക്കില്ല. അവർ അവരുടെ കാര്യങ്ങൾ നടത്തിപ്പോകും. നമ്മളെ കുററവും പറഞ്ഞുകൊണ്ടിരിക്കും. അപ്പോൾ നാം നിരാശപ്പെടുമോ? നമ്മുടെ ഉപകാരങ്ങൾ കൈപ്പററുന്നവരാണ് നമുക്ക് എതിരാകാൻ പോകുന്നത്. അങ്ങനെയാണ് അവർ മട്ട് വലിച്ചു കുടിക്കുന്നത്. ഇത് യേശുവിനും ഉണ്ടായി. യേശു നന്മയല്ലാതെ മററ് എന്തെങ്കിലും ചെയ്തോ? അവൻ വഞ്ചകനാണെന്നാണ് അവർ പറഞ്ഞത്. സത്യമായ യേശുവിനെ വഞ്ചകനെന്നാണ് വിളിച്ചത്, അത് യേശുവിന് അറിയമായിരുന്നു, ഏലീയാവിന് കിട്ടിയത് എനിക്കും കിട്ടി,

യോഹന്നാൻ സ്നാപകന് കിട്ടിയത് എനിക്കും കിട്ടി, വിശുദ്ധ മാതാവിനും കിട്ടി. അവർ എല്ലാവരും നന്മകൾ മാത്രം ചെയ്തു അവർക്ക് കിട്ടിയത് ഇതാണ്, ഇത് നമുക്കും കിട്ടും. അപ്പോൾ സഹനവഹനസഹായ ലേഹ്യം കഴിക്കണം, എന്നിട്ടുവേണം ഈ വേലയ്ക്കു പുറപ്പെടാൻ. കഴുകൻ സത്ത്രസായനം, സഹനവഹനസഹായ ലേഹ്യം എന്നിവ കഴിക്കുന്നവർക്കു മാത്രമേ ഈ ലോകത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കൂ. എന്തു സഹിക്കാനും വഹിക്കാനും ശക്തി കിട്ടിയിരിക്കും. നമ്മുടെ അനുദിനജീവിതത്തിൽ ഈ ഏലീയാവിന്റെ വേല നമ്മളിൽ നടന്നുകഴിഞ്ഞാൽ, ഏലീയാവിന്റെ വേല നമ്മൾ ചെയ്യേണ്ടിവരും. ഏലീയാവ് വന്ന് യേശുവിനെയും യോഹന്നാൻ സ്നാപകനെയും ഒക്കെ വളർത്തി വിട്ടു, മാതാവിനും ശിഷ്യന്മാർക്കും ഇതേ അനുഭവം ഉണ്ടായി. അപ്പോൾ നമുക്കും വരണ്ടായോ? അപ്പോൾ പാലം പണി തീരണോ വേണ്ടായോ എന്ന് ആലോചിച്ച് പറയണം. പാലം പണി തീർന്നാൽ ഈ അനുഭവങ്ങൾ ഒക്കെ വരും, പിന്നെ ചതിച്ചു എന്ന് പറയരുത്. ഈ അനുഭവമാണ് ഇനിയും വരാൻ പോകുന്നത്. പാലത്തിൽ കൂടി അനേകർ കയറിപോകും, പാലം പണിതവരെയോ പാലത്തിന്റെ ഉടമസ്ഥനയോ തിരിഞ്ഞുനോക്കുകയില്ല. അവർ അവരുടെ കാര്യം നോക്കി പോകും. നമ്മൾ ഏതെങ്കിലും പാലത്തെ നോക്കി നന്ദി പറയാറുണ്ടോ? എത്രയോ പാലങ്ങൾ കഴിഞ്ഞാണ് നാം ഇന്ന് വന്നിരിക്കുന്നത്. ഒരററ സെക്കന്റ് കൊണ്ട് പാലം കടന്നു കാണും. ഒന്നോ രണ്ടോ മിനിററുകൊണ്ട് കോടികണക്കിന് മുടക്കിയ പാലം വളരെ വേഗം കടന്നുപോകുകയാണ്. എത്രപേർ കഷ്ടപ്പെട്ടാണ് പാലം പണിതത് എന്തെങ്കിലും ചിന്തിക്കുമോ? പാലം പണി നടക്കുമ്പോൾ നാം ശ്രദ്ധിക്കും, പാലം പണി കഴിഞ്ഞാൽ പിന്നെ ആരും ശ്രദ്ധിക്കുകയില്ല. യേശുവാണ് ഏററവും വലിയ പാലം. ആ പാലത്തിൽകൂടി പോയി എല്ലാവരും അനുഗ്രഹങ്ങൾ പ്രാപിക്കും. പാലത്തെയും പാലം പണിതവരെയും യാതൊരു കരുതലും ഇല്ല. ഇത് നാം അറിഞ്ഞിരിക്കണം. നമ്മെ കരുതേണ്ടത് ആരാണ്? ദൈവം മാത്രം മതി.. ആ ഉറപ്പ് വേണം. പിതാവാണ് എന്നെ ഇങ്ങോട്ട് വിട്ടിരിക്കുന്നത്. എന്റെ പണി പിതാവാണ് ഏൽപ്പിച്ചത്, പിതാവ് എന്നെ അറിഞ്ഞാൽ മതി, പിതാവ് എന്നെ നോക്കിക്കൊള്ളും. ഈ ഒരു ഉറപ്പു ഉള്ളവർക്ക് മാത്രമേ അവഗണനയുടെ മദ്ധ്യത്തിൽ, മാനസികരോഗിയാകാതെ, സമനില തെററാതെ ജീവിക്കാൻ കഴിയൂ. 1 രാജാക്കന്മാർ 17 –ാം അദ്ധ്യായത്തിൽ, ഈ ഏലീയാവിന്റെ ജീവിതത്തിൽ, ഏലീയാവ് സാരെഫാത്തിലെ വിധവയുടെ ഭവനത്തിൽ അയക്കപ്പെടുകയായിരുന്നു, ദൈവനിയോഗപ്രകാരം അയക്കപ്പെട്ടു. രണ്ട് കല്പനകൾ: ഒന്ന് ഏലീയാവിനോട്; രണ്ടാമത് വിധവയോട് പറയുന്നു, ഞാൻ പ്രവാചകനെ അങ്ങോട്ട് അയക്കും, ഏലീയാവിനോട് വിധവയുടെ അടുക്കലേക്ക് പോകാനും പറയുന്നു. ഈ രണ്ട് കാര്യങ്ങളും ഇല്ലാതെ എങ്ങും പോകരുത്. കല്പന കിട്ടിയാൽ മാത്രമേ പോകാവൂ. കല്പന അവിടെ ഉണ്ടെന്നു ഉറപ്പുണ്ടെങ്കിൽ മാത്രമേ അവിടെ കയറാവൂ. രണ്ട് കല്പനകളും രണ്ട് സമയത്തായിരിക്കും. ഈ കാര്യം അറിഞ്ഞിരിക്കണം. അല്ലാതെ യേശുവിന്റെ നാമത്തിൽ കാണുന്നയിടത്തെല്ലാം കയറാൻ നമുക്ക് അനുവാദമില്ല. എത്രയോ വിധവമാർ ഉണ്ടായിരുന്നു. അവിടെയൊന്നും പോയില്ലല്ലോ. സാറാഫാത്തെ വിധവയുടെ ഭവനത്തിലേക്ക് മാത്രമേ പോയിട്ടുള്ളൂ, കാര്യം എന്താണ്? യഹോവ കല്പിച്ചതാണ്, യഹോവ കല്പിച്ചാലേ കാര്യങ്ങൾ നടക്കുകയുള്ളൂ. യഹോവ കല്പിച്ചാൽ കാക്ക ആണെങ്കിലും കൊടുത്തിരിക്കും. കാക്കയ്ക്കു കൊടുക്കണമെന്ന് എന്തെങ്കിലും ബോധം ഉണ്ടോ? പക്ഷേ യഹോവ കല്പിച്ചാൽ കൊടുത്തിരിക്കും. യഹോവ കല്പിച്ചിട്ടേ ഒരു കാര്യം നടക്കാവൂ. അല്ലാതെ നമ്മൾ എങ്ങും വലിഞ്ഞ് കയറി പോകരുത്. അത് ആരു വന്നാലും യഹോവ കല്പിട്ടാണോയെന്നു ചോദിക്കേണം. ഏലീയാവ് കല്പന ഉണ്ടായിട്ടാണ് ആ ഭവനത്തിലേക്ക് പോയത്. അയതിനാൽ അവിടെ താമസിക്കാൻ ഒരു പ്രത്യേക മുറി ഉണ്ടായിരുന്നു. രണ്ട് പേരുടെയും സ്വകാര്യതയ്ക്കു ഭംഗം വരാതെ, പാതിവൃത്യത്തിന് ഭംഗം വരാതെ, ഭക്തിയ്ക്കു ഭംഗം വരാതെ എല്ലാ സൗകര്യങ്ങളും ആ ഭവനത്തിൽ ഉണ്ടായിരുന്നു. അങ്ങനെ ആ ഭവനത്തിൽ താമസിക്കുന്ന സമയത്ത്, ഒരു അപ്പം ഉണ്ടാക്കാനുള്ള പൊടിമാവും ശകലം എണ്ണയും മാത്രം ഉണ്ടായിരുന്ന ഭവനം, സുഭഷിതമായി അനേകവർഷം ജീവിച്ചു. മൂന്നര കൊല്ലമായിരുന്നു ക്ഷാമം. ക്ഷാമക്കാലത്ത് അവർ ക്ഷേമമായി ജീവിച്ചു. രണ്ടുപേരും ദൈവകല്പനകൾ അനുസരിക്കുന്നവരും ദൈവഹിതം അറിഞ്ഞവരും ദൈവനീതിയുള്ളവരാണെങ്കിലും,

എവിടെയാണെങ്കിലും അശുദ്ധികൾ വരും. അശുദ്ധികൾ കൂടി വരുമ്പോൾ ചില അസ്വസ്ഥതകളും ചില രോഗങ്ങളും ചില സംശയങ്ങളും ചില പ്രശ്നങ്ങളും ഒക്കെ വരും. സാരെഫാത്തിലെ വിധവയുടെ ഭവനത്തിൽ ഒത്തിരി അനുഗ്രഹങ്ങൾ കിട്ടി കഴിഞ്ഞപ്പോൾ, അശുദ്ധികൾ കൂടി, മട്ട് കൂടി, കുഞ്ഞിന് അസുഖം, അത് മരിച്ചുപോയി. മരണദൂതന് കയറി വരാനുള്ള പഴുത് അവിടെയുണ്ടായി. കുഞ്ഞ് മരിച്ചപ്പോൾ അവരുടെ പെരുമാററ രീതി മാറി. സാരെഫാത്തിലെ വിധവയ്ക്ക് അതുവരെ ഭക്തനായി തോന്നിയ ഏലീയാവ് ആയിരുന്നു, ഇപ്പോൾ കൊലപാതകൻ ആയി സംശയിക്കപ്പെടുന്നു, ഏലീയാവ് ദൈവനിയോഗപ്രകാരം ആ ഭവനത്തിൽ പോയി എങ്കിലും, ആ ഭവനം സുഭഷിതമായി കഴിഞ്ഞെങ്കിലും, ഒത്തിരി അനുഗ്രഹങ്ങൾ കിട്ടിയെങ്കിലും കുഞ്ഞ് മരിച്ചപ്പോൾ രീതി മാറി. അതുവരെ ചെയ്തതെല്ലാം പൂജ്യം. ഉടനെ ഭക്തനായ ഏലീയാവിനെ, ഉടലോടെ സ്വർഗ്ഗത്തിൽ പോയ ഏലീയാവിനെ, കള്ളൻ എന്നു വിളിക്കാനോ കൊലപാതകൻ എന്നു പറയാനോ ഒരു മടിയുമില്ല. അവർക്ക് തോന്നിയത് ഒക്കെ പറയാൻ ഏലീയാവിനെ വിട്ടുകൊടുത്തു. ഭക്ത ആയിരുന്നാലും വിശ്വാസി ആയിരുന്നാലും ദൈവകല്പന അനുസരിച്ചെങ്കിലും ദൈവാശ്രയം ഉണ്ടായെങ്കിലും അനുഗ്രഹങ്ങൾ കുറച്ചു കിട്ടികഴിഞ്ഞപ്പോൾ വിധം മാറി, സുഭിക്ഷിതമായി മൂന്നര കൊല്ലം കഴിഞ്ഞപ്പോൾ വന്ന വഴികൾ ഒക്കെ മറന്നുപോയി, പിന്നെ കുഞ്ഞ് മാത്രമായി ആശ്രയം. കുഞ്ഞ് നഷ്ടപ്പെട്ടപ്പോൾ വിധം / ഭാവം മാറി. ഇയാൾ വന്ന് പ്രാർത്ഥിച്ച് കുഞ്ഞിനെ കൊന്നു എന്നാണ് പറയുന്നത്. 1 രാജാക്കന്മാർ 17:19; വിശുദ്ധ മത്തായി 17:12 ഏലീയാവ് വന്നു കഴിഞ്ഞു. ദൈവകല്പനപ്രകാരമാണ് അവിടെ ചെന്നത്, സുഭിക്ഷിതമായി ക്ഷാമക്കാലത്ത് ക്ഷേമമായി കഴിഞ്ഞു. അപ്പോൾ അശുദ്ധികൾ കൂടി, അഹങ്കാരവും കൂടി. അശുദ്ധിയും, അഹങ്കാരവും ഭോഷത്വവും എല്ലാം കൂടി വർദ്ധിച്ചപ്പോൾ അതെല്ലാം കൂടി കുഞ്ഞിലേക്ക് കയറി. അവർ ഏലീയാവിനെ തിരിച്ചറിയാതെ, തിരിച്ചറിയാത്ത ഭോഷത്വം ഇങ്ങോട്ടു വന്നു, അപ്പോൾ നാൾതോറും ശുദ്ധീകരണം പ്രാപിച്ചില്ലായെങ്കിൽ, ഉടലോടെ സ്വർഗ്ഗത്തിൽ പോയ ഏലീയാവിനെ പോലും കൊലപാതകൻ എന്നു വിളിക്കാനുള്ള തോന്നലുകൾ വരും അതാണ് അശുദ്ധിയുടെ പ്രശ്നം. അശുദ്ധിയിൽ നിന്ന് മൂഢത ഉണ്ടാകുമെന്ന് വിശുദ്ധ മർക്കൊസ് 7 ന്റെ 21,22 ൽ ഉണ്ട്. അശുദ്ധികൾ അന്നന്ന് കളഞ്ഞില്ലെങ്കിൽ, ഉടലോടെ സ്വർഗ്ഗത്തിൽ പോയ ആ ഏലീയാവിനെപ്പോലും കൊലപാതകൻ എന്നു വിളിക്കാൻ ഒരു മടിയും ഉണ്ടാകില്ല അതിന് ആധാരമായ വചനം, വിശുദ്ധ മത്തായി 17:12, ഏലീയാവ് വന്നു കഴിഞ്ഞു, ഞാൻ നിങ്ങളോട് പറയുന്നു, എങ്കിലും അവർ അവനെ തിരിച്ചറിയാതെ, ഞങ്ങൾക്ക് തോന്നിയതെല്ലാം അവനോട് ചെയ്തു. തോന്നിയതെല്ലാം ചെയ്യാമെങ്കിൽ തോന്നിയതു പറയാനും കഴിയുമല്ലോ? തോന്നിയത് ചെയ്യാനും പറയാനുമുള്ള തന്റേടം സാറാഫാത്തിലെ ദൈവാശ്രയമുള്ള വിധവയ്ക്കു തോന്നാമെങ്കിൽ സാധാരണക്കാരന്റെ കാര്യം പറയണോ? ഈ ഭൂമിയിൽ ഇതുപോലെ ഇനിയും രണ്ടുപേർ ഉണ്ടാകില്ല. കർത്താവ് പോലും പ്രകീർത്തിച്ച ഒരു സ്ത്രീയാണ് സാരെഫാത്തിലെ വിധവ. അവിടെ ഒത്തിരി വിധവന്മാർ ഉണ്ടായിരുന്നങ്കിലും, ആ വിധവയുടെ അടുത്തുമാത്രം ഏലീയാവിനെ വിട്ടൊള്ളു. പക്ഷേ ആ വിധവയ്ക്കുപോലും അനുഗ്രഹങ്ങൾ കുറച്ചു കിട്ടി കഴിഞ്ഞപ്പോൾ, അശുദ്ധികൾ കൂടി. വ്യാപാരത്തിന്റെ വലിപ്പം മൂലം അന്തർഭാഗം സാഹസംകൊണ്ട് നിറഞ്ഞു അശുദ്ധമായി, അശുദ്ധിയുടെ ആധിക്യത്തിൽ മൂഢത വർദ്ധിച്ചു. മൂഢത വർദ്ധിച്ചപ്പോൾ, ഏലീയാവ് പ്രാർത്ഥിച്ച് കൊന്നതാണെന്ന് തോന്നുക, തോന്നിയത് അങ്ങ് പറയുകയും ചെയ്തു. എന്നും ശുദ്ധീകരിക്കപ്പെട്ടില്ലായെങ്കിൽ, ഈ ഏലീയാവിനോട് സാരെഫാത്തിലെ വിധവയ്ക്കു യാതൊരു മടിയുമില്ലാതെ കൊലപാതകൻ എന്നു വിളിക്കാൻ കഴിഞ്ഞെങ്കിൽ ആർക്കും ആരെയും എന്തും വിളിക്കാൻ കഴിയും. അത് ഏലീയാവിന് ഉണ്ടായ അനുഭവമാണ്. അത് കുരിശിന്റെ അനുഭവമാണ്. യേശുവിനെ ബോധിച്ചത് ഒക്കെയും പറഞ്ഞു, തുപ്പി, എന്നിട്ട് എന്തെങ്കിലും പറഞ്ഞോ? ചെയ്തോളാൻ പറഞ്ഞു. ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാട്, മനുഷ്യജാതിക്കുവേണ്ടി മുഴുവൻ മരിക്കാൻ വന്നവന്റെമേൽ എല്ലാവരുടെയും ശാപപാപങ്ങൾ വന്നപ്പോൾ അങ്ങ് വലിച്ചെറിഞ്ഞ് കൊടുത്തു. നീ എന്തുവേണമെങ്കിലും ചെയ്തോളാൻ പറഞ്ഞു. ഈ ഒരു ഉൾക്കാഴ്ച ഇല്ലെങ്കിൽ, ഒന്നുകിൽ മാനസിക രോഗിയായി അല്ലെങ്കിൽ

അവിശ്വാസിയായി ഈ രംഗത്തുനിന്ന് വിട്ടുപോകാൻ സാധ്യതയുണ്ട്. എപ്പോഴാണ് വാദി പ്രതിയാകുന്നത് എന്നറിയില്ല, ഈ ലോകത്തിന്റെ സ്ഥിതി അതാണ്. എന്റെ ദൈവമേ! എന്നെ കൈവിടല്ലേ, അശുദ്ധികൾ നിറഞ്ഞ ഈ ലോകത്തിൽ, അനീതി നിറഞ്ഞ ഈ ലോകത്തിൽ, സാറാഫാത്തെ വിധവയെപ്പോലെ, എന്റെ ഭവനത്തിലെ നാശനഷ്ടങ്ങൾക്ക് കാരണം പ്രാർത്ഥിച്ച ആൾ തന്നെയെന്നു പറയാൻ ഇടയാകരുതേ. ആരെല്ലാം എന്തെല്ലാം പറഞ്ഞാലും നമ്മുടെ മട്ട് പോകാനും ശുദ്ധീകരണത്തിനാണെന്നു വിചാരിച്ചാൽ മററുള്ളവരോട് ഒരു പരിഭവവും ഇല്ല. ഏലീയാവിന് ഉണ്ടായ അനുഭവം ഇതാണെങ്കിൽ, ഏലീയാവിനും കർത്താവിനും മാതാവിനും ഉണ്ടായ അനുഭവങ്ങൾ ആർക്കും ഉണ്ടാകും. അത് നമ്മുടെ ശുദ്ധീകരണത്തിന് ആവശ്യമാണ്. അതുകൊണ്ട് ഏലീയാവും ഏലീയാവിന്റെ ആത്മാവുമുള്ളവർ പല കാര്യങ്ങളിലും നമ്മെ അനുഗ്രഹിക്കും. പക്ഷേ പ്രതീക്ഷിക്കാത്ത പലതും സംഭവിച്ചിന്നിരിക്കാം. അപ്പോൾ ഭാവം മാറിയാൽ പരിശുദ്ധാത്മാവിന് എതിരായ പാപം വരെ വരാം., അങ്ങനെ നശിച്ചുപോകാനും ഇടയുണ്ട്, ആ ഗതികേട് വരാതിരിക്കാൻ നമ്മൾ യഥാസ്ഥാനപ്പെടാത്ത കാര്യവും, യഥാസ്ഥാനപ്പെട്ടതിനുശേഷം നമുക്ക് വരാനിരിക്കുന്ന കാര്യങ്ങളും അറിഞ്ഞിരിക്കേണം. അസ്വസ്ഥതരായ നമ്മളെ അസ്വസ്ഥതയിൽ നിന്ന് നമ്മൾക്ക് പാലം പണിത് നമ്മെ യഥാസ്ഥാനത്താക്കുവാൻ ഏലീയാവും ഏലീയാവിന്റെ ശേഷമുള്ള അനേകപ്രവാചകന്മാരും വേല ചെയ്തുകൊണ്ടിരിക്കുകയാണ്. അസ്വസ്ഥമാക്കുന്ന തിന്മയിൽ നിന്ന് നമ്മെ വിടുവിച്ച്, പാലം പണിത്, നമ്മളെ സ്വസ്ഥതയുള്ളവരാക്കി ക്ഷാമക്കാലത്ത്, ക്ഷേമമമായി പോററുവാൻ ഉള്ള വേല ഏലീയാവിനെ കൊണ്ട് നടത്തികൊണ്ടിരിക്കുന്നു. പക്ഷേ പ്രതീക്ഷിക്കാത്ത രോഗമോ മരണമോ നഷ്ടമോ കഷ്ടങ്ങളോ വന്നുയെന്നിരിക്കാം. അത് പരിശോധനയാണ് അങ്ങനെ ഒരു വിശ്വാസം ഉണ്ടായിരിക്കണം. കുഞ്ഞിനെ തിരികെ കൊടുത്ത് ഏലീയാവ് തിരികെ പോയി, പക്ഷേ അവിടെ താമസിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ നമ്മുടെ അനുദിനജീവിതത്തിൽ കിട്ടുന്ന അനുഗ്രഹത്തിന്റെ വാതിൽ അണഞ്ഞുപോകാൻ സാധ്യതയുണ്ട്.

**പ്രാർത്ഥന**

സ്നേഹവനായ ദൈവമേ, വാഴ്ത്തപ്പെട്ട കർത്താവേ, ഈ നല്ല ദിവസത്തിനായി നന്ദി പറയുന്നു. ഏലീയാവിനെ ഓർക്കുന്ന ദിവസത്തിൽ, ഏലീയാവ് ഞങ്ങളുടെ ഭവനങ്ങളിൽ ഇനിയും അനേക പാലങ്ങൾ പണിയാൻ ഉണ്ട്. ഏലീയാവിനുവേണ്ടി ഞങ്ങൾ ഒരു വീട് ഉണ്ടാക്കി തന്നാലും, വീട്ടിൽ വന്ന് താമസിച്ചാലും ഞങ്ങൾക്ക് ഒത്തിരി അനുഗ്രഹങ്ങൾ തന്നാലും ക്ഷാമക്കാലത്ത് ക്ഷേമമമായി പോററിയാലും ഞങ്ങൾക്ക് ഇഷ്ടമില്ലാത്ത സംഭവങ്ങൾ നടന്നാൽ ഞങ്ങൾ ഭാവം മാററുന്നവരാണ്. ഞങ്ങൾ ഈ ഏലീയാവിനെപ്പോലും കൊലപാതകൻ ആണെന്ന്, പ്രാർത്ഥിച്ച് കൊന്നതാണെന്ന് പറയുന്ന മനോഭാവം ഞങ്ങൾക്ക് ഉണ്ടോയെന്നു ഞങ്ങൾ പരിശോധിക്കുകയാണ്. അത് മറഞ്ഞിരിപ്പുണ്ടെങ്കിൽ നേരത്തെ മാററി നന്ദികേട് കാണിക്കാൻ ഇടയാകാരുതേ. യേശുവിനും യോഹന്നാനും മാതാവിനും ഇതുപോലെ അനേകരുടെ നിന്ദ കിട്ടി; അനേകർ നിന്ദിച്ചു, പഴിച്ചു, ദുഷിച്ചു, അവരുടെ മദ്ധ്യത്തിലും സന്തോഷത്തോടെ അനേകരെ നേടുവാൻ കഴിഞ്ഞതാണല്ലോ ആ ജീവിതയാത്ര. ഞങ്ങൾക്ക് അതുപോലെ സഹനവഹനസഹായലേഹ്യം വേണം. ഞങ്ങൾക്ക് എന്നും നിത്യയൗവനം വേണം. എന്നും എപ്പോഴും കർത്താവിനെ സാക്ഷിച്ചുകൊണ്ട്, ജന്മസാഫല്യം അണയുവാൻ, നോമ്പും ഉപവാസവും ധ്യാനവും ഉതകണമെന്ന് യേശുവിന്റെ നാമത്തിൽ യാചിക്കുന്നത്, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതികരേററുവാൻ തന്നെ, ആമേൻ.